തായ ബാക്കി തുക ഇതുവരെയും കൊടുത്തു തീർക്കാത്തതിന്റെ കാരണമെന്ത് ;

(ബി) ബാക്കി തുക ഉടനടി നൽകാൻ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രീ. പി. കൃഷ്ണൻകുട്ടിയുടെ പി. എഫ്. അക്കൗണ്ട് ക്ലോസ് ചെയ്ത 5,498 രൂപ അദ്ദേഹത്തിന് നൽകിക്കഴിഞ്ഞു.

(ബി) ചില സാങ്കേതിക കാരണങ്ങളാൽ ബാക്കി സംഖ്യ നൽകാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സംഖ്യ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.

അംഗൻവാടി സൂപ്പർവൈസർമാരുടെ നിയമനം

177 [226] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗൻവാടി സൂപ്പർവൈസർമാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ഡി) നിയമനങ്ങൾ നടത്തിയത് ആരായിരുന്നു ;

(ഇ) അതിനുവേണ്ടിയുള്ള തെരഞ്ഞെടുപ്പിന്റെ ചുമതല ആർക്കായിരുന്നു ;

(എഫ്) നിയമനത്തിന്റെ മാനദണ്ഡം എന്തായിരുന്നു ;

(ജി) നിയമനത്തിന്റെ നടപടിക്രമങ്ങൾ എന്തായിരുന്നു എന്നു വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 243 പേർക്ക് നിയമനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്.

(സി) നിയമനം നൽകപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു †

(ഡി) സാമൂഹ്യക്ഷേമ വകുപ്പു ഡയറക്ടർ.

(ഇ) നിയമനം നൽകപ്പെട്ടിട്ടുള്ള 243 പേരിൽ 55 പേരെ പ്രമോഷൻ മുഖേനയും 25 പേരെ ഡെപ്യൂട്ടേഷൻ വഴിയും 20 പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുമാണ് നിയമിച്ചത്. കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട 143 പേരെ തെരഞ്ഞെടുത്തത് തദ്ദേശസ്വയംഭരണവും സാമൂഹ്യക്ഷേമവും വകുപ്പിലെ ജോയിന്റ് സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പു ഡയറക്ടർ, എസ്. സി. ഡി. എസ്. സ്റ്റോറർ കോ-ഓർഡിനേറ്റർ, കളമശ്ശേരി സോഷ്യൽ സയൻസ് കോളേജ് പ്രിൻസിപ്പൽ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയാണ്.

(എഫ്) പ്രമോഷൻ നൽകിയത് സാമൂഹ്യക്ഷേമവകുപ്പിലെ കെയർ മദർ, ലിറ്റററി ടീച്ചർ, മേട്രൻ ഗ്രേഡ് I എന്നീ തസ്തികകളിൽപ്പെടുന്നവരുടെ ഒരു ലിസ്റ്റ് ഉണ്ടാക്കി അവരുടെ സീനിയോറിറ്റി അടിസ്ഥാനത്തിലാണ്. ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിച്ചത് ഹരിജന ക്ഷേമ

† അനുബന്ധം—V.

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിലെ നഴ്സറി അദ്ധ്യാപികമാരിൽനിന്നും ഗ്രാമവികസന വകുപ്പിലെ മുഖ്യ സേവികമാർ, ഗ്രാമസേവികമാർ എന്നിവരിൽനിന്നും അവരുടെ സമ്മതത്തിനും വകുപ്പുമേധാവിയുടെ ശുപാർശയ്ക്കും വിധേയമായിട്ടാണ്. ഒരു സർവ്വകലാശാലാ ബിരുദമോ തത്തുല്യമായ യോഗ്യതയോ ഉള്ളവരെയാണ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമിച്ചത്. കരാറടിസ്ഥാനത്തിൽ നിയമിച്ചത് താഴെപ്പറയുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ചോദ്യം 'ഇ'യുടെ ഉത്തരത്തിൽ പറയുന്ന കമ്മിറ്റി ഇൻറർവ്യൂ ചെയ്തു തെരഞ്ഞെടുത്ത് സംവരണതത്ത്വങ്ങൾക്ക് അനുസൃതമായി ഉണ്ടാക്കിയ ലിസ്റ്റിൽ നിന്നാണ്.

(ജി) വിദ്യാഭ്യാസ യോഗ്യത

1. ഹോംസയൻസ്, ന്യൂട്രീഷൻ, സോഷ്യൽ വർക്ക്, സൈക്കോളജി, സോഷ്യോളജി എന്നീ വിഷയങ്ങളിൽ ഒന്നിൽ നേടിയ ബിരുദം, അല്ലെങ്കിൽ.

2. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും മറ്റേതെങ്കിലും വിഷയങ്ങളിൽ നേടിയ ബിരുദവും അംഗൻവാടി വർക്കറായോ ഏതെങ്കിലും സന്നദ്ധ സേവന സ്ഥാപനത്തിൻെറ കീഴിൽ ഉത്തരവാദിത്വത്തോടുകൂടിയുള്ളതോ ആയ ഒരു വർഷത്തെ സേവന പരിചയം, അഥവാ

3. എ സ്. എസ്. എൽ. സി. യും ഗവൺമെൻറിൻെറ കീഴിലോ അംഗീകാരത്തോടുകൂടിയുള്ളതോ ആയ സ്ഥാപനത്തിൽനിന്നും ലഭിച്ച ബാലസേവികാ ട്രെയിനിംഗ് സർട്ടിഫിക്കറോ ബാലസേവികയായോ നഴ്സറി ടീച്ചറായോ ഏതെങ്കിലും സന്നദ്ധസംഘടനയുടെയോ ഗവൺമെൻറ് ഡിപ്പാർട്ടുമെൻറിൻെറ കീഴിലോ അഞ്ചുവർഷത്തെ സേവന പരിചയം.

പുതിയ ഐ. സി. ഡി. എസ്. പ്രോജക്ടുകൾ

178 [228] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പുതുതായി ഐ. സി. ഡി. എസ്. പ്രോജക്ടുകൾ ആരംഭിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ബ്ലോക്കുകളിലാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വർഷം ആരംഭിക്കേണ്ട 6 പ്രോജക്ടുകളിൽ 5 എണ്ണം താഴെ പറയുന്ന ബ്ലോക്കുകളിൽ നടപ്പിലാക്കുന്നതിന് കേന്ദ്രഗവൺമെൻറിൻെറ അനുമതി ലഭിച്ചിട്ടുണ്ട്.

1. പേരാവൂർ
2. ചിറ്റൂർ
3. അഴീക്കോട്
4. ഒറ്റപ്പാലം
5. വാമനപുരം

LIBRARY ARCHIVES Kerala Legislative Assembly